# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.614** **29.11.2018ലെ മറുപടിയ്ക്ക്**

## സിവിൽ സർവ്വീസ് കായികമേള

| ചോദ്യം<br>ശ്രീ. പി.സി.ജോർജ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഈ വർഷം എത്ര ജില്ലകളിൽ സിവിൽ സർവ്വീസ് കായികമേള നടത്തി; വിശദമാക്കുമോ; | എ) | ഇടുക്കി ഒഴികെ മറ്റ് 13 ജില്ലകളിലും ജില്ലാ സിവിൽ സർവീസസ് കായിക മേള നടത്തിയിട്ടുണ്ട്. |
| ബി) | ഏതെങ്കിലും ജില്ലകളിൽ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജില്ല സിവിൽ സർവ്വീസ് കായികമേളയുടെ ഭാഗമായി തുക പിരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലയിൽ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | ബി) | ജില്ലാ സിവിൽ സർവ്വീസസ് കായികമേളയുടെ ഭാഗമായി ഒരു ജില്ലാ സ്പോർട്സ് കൗൺസിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക പിരിച്ചിട്ടില്ല. |
| സി) | ഈ വർഷം സംസ്ഥാന സിവിൽ സർവ്വീസ് കായികമേള നടത്തേണ്ടതില്ല എന്ന് തീരുമാനിക്കുവാനുള്ള കാരണം വിശദമാക്കാമോ; ഏത് യോഗത്തിൽ ആണ് തീരുമാനം എടുത്തത്; പ്രസ്തുത യോഗത്തിന്റെ | സി) | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ ആഘോഷ പരിപാടികൾ ഒരു വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സിവിൽ സർവ്വീസസ് കായിക മേള |

| | | | |
|---|---|---|---|
| | മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചത്. |
| ഡി) | ദേശീയ സിവിൽ സർവ്വീസ് കായികമേളയിൽ പങ്കെടുക്കുവാൻ ജീവനക്കാർക്ക് അവസരം ഉണ്ടോ; എങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ടീം സെലക്ഷൻ നടത്തും; വിശദമാക്കാമോ; | ഡി) | ദേശീയ സിവിൽ സർവ്വീസസ് കായികമേളയിൽ പങ്കെടുക്കുവാൻ ജീവനക്കാർക്ക് അവസരമുണ്ട്. കഴിഞ്ഞ വർഷത്തെ ടൂർണമെന്റിൽ പങ്കെടുത്തതും ഇപ്പോഴും സർവീസിൽ തുടരുന്നതുമായ സർക്കാർ ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ടൂർണമെന്റിൽ പങ്കെടുക്കാവുന്നതാണെന്ന് കായിക യുവജനകാര്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. |
| ഇ) | സംസ്ഥാന സിവിൽ സർവ്വീസ് കായിക മേള നടത്തണമെന്ന് ആവശ്യപ്പെട്ട് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത നിവേദനങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ? | ഇ) | സംസ്ഥാന സിവിൽ സർവ്വീസസ് കായിക മേള നടത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജിനോ സെബാസ്റ്റ്യൻ, കേരളാ സെക്രട്ടറിയേറ്റ് സ്പോർട്സ് അസോസിയേഷൻ സെക്രട്ടറി, ശ്രീമതി റോസ് മേരി പ്രസില്ല എന്നിവരിൽ നിന്നും നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്. നിവേദനങ്ങളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ഉത്തരവ് 23



Gmail **Director Sports & Youth Affairs <dsyagok@gmail.com>**

## Civil service Tournament-2018-19

1 message

**jino sebastian** <jinobrennen@gmail.com> Sun, Nov 4, 2018 at 8:38 PM
To: chiefminister@kerala.gov.in, min.ind@kerala.gov.in, dsyagok@gmail.com, president.kssc@gmail.com

Sir,

Appreciation for the efforts you are putting in to improve the sports culture and health of the people of our state.
The participation and competition among the government servants in the civil service tournament also a part of community health programme and that promotes the efficiency of employees.The information received from the directorate of sports is that the civil service tournament of this year is cancelled due the flood occurred in our state.The district tournaments are conducted already and the selection list is finalized.We are practicing regularly for the competition and made travel arrangements also.Including me most of us are participated in the salary challenge and ready to contribute more in this regard.Hence we request you, not to cancel the civil service tournament of this year.Favorable order in this regard is highly appreciated.

with due respect

**JINO SEBASTIAN**
**ASSISTANT PROFESSOR OF PHYSICAL EDUCATION**
**GOVERNMENT BRENNEN COLLEGE**
**THALASSERY-670106**
**KERALA-**
**INDIA**
**jinobrennen@gmail.com**
**9447462945**

## കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ

### ഗവ.സെക്രട്ടേറിയറ്റ്,തിരുവനന്തപുരം-1

പ്രസിഡന്റ് — സെക്രട്ടറി

വിജയദേവ് — റോസ് മേരി പ്രസില്ല

ബഹുമാനപ്പെട്ട കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ മുമ്പാകെ കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ സെക്രട്ടറി സമർപ്പിക്കുന്ന അപേക്ഷ.

സർ,

എല്ലാ വർഷവും സർക്കാർ ജീവനക്കാർക്കായി നടത്താറുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റ് ഈ വർഷം നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചതായി അറിയാൻ കഴിഞ്ഞു. സ്പോർട്സിൽ താല്പര്യവും പ്രതിഭയുമുള്ള ജീവനക്കാർക്ക് വർഷത്തിലൊരിക്കൽ തങ്ങളുടെ കഴിവുകൾ തെളിയിക്കുവാൻ ഒരു അവസരം ലഭിക്കുന്ന ഈ മീറ്റ് മാറ്റി വച്ചതിൽ ഞങ്ങൾ അങ്ങേയറ്റം നിരാശരാണ്. കഴിഞ്ഞ ഒരു വർഷമായി ഈ മീറ്റിൽ പങ്കെടുക്കുന്നതിനായി തയ്യാറെടുപ്പുകൾ നടത്തി കാത്തിരുന്നവരാണ് ഞങ്ങൾ. സ്പോർട്സ് ക്വാട്ടായിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് പോലും ഈ മീറ്റിലാണ് തങ്ങളുടെ കഴിവുകൾ തെളിയിക്കുവാൻ അവസരം കിട്ടുന്നത്. സർക്കാർ ജീവനക്കാരായ ഞങ്ങൾക്ക് സർവ്വീസിനിടയിൽ പങ്കെടുക്കുവാൻ കഴിയുന്ന ഏക കായികമേളയാണ് സ്റ്റേറ്റ് സിവിൽ

സർവ്വീസ് മീറ്റ്. വളരെ ആവേശത്തോടെയാണ് ഞങ്ങൾ സിവിൽ സർവ്വീസ് മീറ്റിനെ കാണുന്നത്. അതോടൊപ്പം നാഷണൽ സിവിൽ സർവ്വീസ് മീറ്റിനുള്ള കേരള ടീം സെലക്ഷനും ഈ മീറ്റിൽ നിന്നാണ് കണ്ടെത്തുന്നത്. നാഷണൽ മീറ്റിൽ മികച്ച പ്രകടനമാണ് കേരള ടീം എപ്പോഴും കാഴ്ചവയ്ക്കാറുള്ളത്. സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റ് നടത്താൻ വളരെ കുറഞ്ഞ ചെലവ് മാത്രമേ ഉണ്ടാകാറുള്ളൂ. സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റിൽ പങ്കെടുക്കുന്നതിനും സ്റ്റേറ്റ് ടീമിൽ സെലക്ഷൻ ലഭിക്കുന്നതിനുമായി കഠിനമായി പരിശീലിക്കുന്ന ധാരാളം ജീവനക്കാരുണ്ട്. 2018 നവംബർ 13,14,15 തീയതികളിലായി നടത്തുവാൻ തീരുമാനിച്ചിരുന്ന സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റിൽ പങ്കെടുക്കുന്നതിനുള്ള ജില്ലാ ടീമുകളുടെ സെലക്ഷൻ എല്ലാ ജില്ലകളിലും പൂർത്തിയായിക്കഴിഞ്ഞു.

സർക്കാർജീവനക്കാർക്കിടയിലെ ആരോഗ്യപ്രശ്നങ്ങൾ കാര്യക്ഷമതയെപ്പോലും ബാധിക്കുന്ന തരത്തിലേക്ക് മാറിയിരിക്കുന്ന ഈ കാലയളവിൽ അവർക്ക് പങ്കെടുക്കുവാൻ കഴിയുന്ന ഏക കായികമേളയായ സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ജീവനക്കാർക്ക് സ്പോർട്സിലുള്ള തങ്ങളുടെ കഴിവുകൾ തെളിയിക്കുന്നതിനുള്ള അവസരം നൽകണമെന്നും അങ്ങയോട് സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

2018-ലെ സ്റ്റേറ്റ് സിവിൽ സർവ്വീസ് മീറ്റ് നടത്തുവാനുള്ള സാഹചര്യം ഇല്ലായെങ്കിൽ കഴിഞ്ഞ വർഷം നാഷണൽ മീറ്റിൽ

കേരളത്തെ പ്രതിനിധീകരിച്ച ടീമുകളെ ഈ വർഷത്തെ നാഷണൽ മീറ്റിന് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

07/11/2018

തിരുവനന്തപുരം

സെക്രട്ടറി

കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ

സെക്ഷൻ ഓഫീസർ